**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 326** **27-01-2026 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് നഗരത്തിൽ മയക്കമരുന്ന് വിൽപനയും ഉപയോഗവും തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അഹമ്മദ് ദേവർകോവിൽ** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കോഴിക്കോട് നഗരത്തിൽ മാളുകളും വിദ്യാഭ്യാസ സ്ഥാപനങ്ങളും കേന്ദ്രീകരിച്ച് മയക്കമരുന്ന് വിൽപ്പനയും ഉപയോഗവും വർദ്ധിച്ചു വരുന്നു എന്ന ആരോപണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | കോഴിക്കോട് നഗരത്തിൽ മാളുകളും വിദ്യാഭ്യാസ സ്ഥാപനങ്ങളും കേന്ദ്രീകരിച്ച് മയക്കമരുന്ന് വിൽപ്പനയും ഉപയോഗവും വർദ്ധിച്ചു വരുന്നു എന്ന ആരോപണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ലഹരി വ്യാപനം തടയുന്നതിന് മാളുകൾ പോലെയുള്ള സ്ഥാപനങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും കർശന പരിശോധനയും നിരന്തരം നിരീക്ഷണവും നടത്തി വരുന്നുണ്ട്. പുതുതലമുറയെ ലഹരി ഉപയോഗത്തിൽ നിന്നും പൂർണ്ണമായി മുക്തമാക്കുക എന്ന ലക്ഷ്യത്തോടെ ജില്ലയിലെ വിദ്യാലയങ്ങൾ കേന്ദ്രമാക്കി ബോധവൽക്കരണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തിയിട്ടുണ്ട്. ജില്ലയിലെ എല്ലാ സ്കൂളുകളിലും അദ്ധ്യാപകർ, രക്ഷിതാക്കൾ, വാർഡ് അംഗം, സ്കൂൾ കൗൺസിലർ, സ്കൂൾ പരിസരത്തെ കച്ചവടപ്രതിനിധികൾ, ഓട്ടോ-ടാക്സി ഡ്രൈവർമാരുടെ പ്രതിനിധികൾ, വനിതാ- ശിശുക്ഷേമം, ജുവനൈൽ ജസ്റ്റിസ്, സാമൂഹ്യനീതി, പോലീസ്, മോട്ടോർ വാഹനം, വിദ്യാഭ്യാസം തുടങ്ങിയ വകുപ്പുകളിലെ പ്രതിനിധികളെയും ചേർത്ത് ജാഗ്രതാസമിതി രൂപീകരിക്കുകയും, സ്കൂൾ പരിസരങ്ങളിൽ നിരീക്ഷണം നടത്തുകയും, അനധികൃതമായ പ്രവർത്തനങ്ങൾ കാണുന്ന പക്ഷം എക്സൈസ് വകുപ്പിന് വിവരങ്ങൾ കൈമാറുന്നതിനായി ബോധവൽക്കരണം നൽകുകയും ചെയ്തിട്ടുണ്ട്. ലഹരി വിരുദ്ധ ബോധവൽക്കരണത്തോടൊപ്പം യാതൊരു തരത്തിലുള്ള ലഹരി വസ്തുക്കളും സ്കൂളുകളിൽ എത്തുന്നില്ല എന്ന് ഉറപ്പ് വരുത്തുന്നതിനായും, ലഹരി കച്ചവടക്കാരുടെ സാമീപ്യം സ്കൂൾ പരിസരത്തു നിന്നും ഉന്മൂലനം ചെയ്യുന്നതിനായും വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും നടത്തി വരുന്നു. |

| | | | |
|---|---|---|---|
| (ബി) | ഇത് തടയുന്നതിന്/കുറച്ചു കൊണ്ട് വരുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കാമോ? | (ബി) | കോഴിക്കോട് നഗരത്തിൽ മാളുകളും വിദ്യാഭ്യാസ സ്ഥാപനങ്ങളും കേന്ദ്രീകരിച്ച് മയക്കുമരുന്ന് വിൽപ്പനയും ഉപയോഗവും വർദ്ധിച്ചു വരുന്നു എന്ന ആരോപണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ലഹരി വ്യാപനം തടയുന്നതിന് മാളുകൾ പോലെയുള്ള സ്ഥാപനങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും കർശന പരിശോധനയും നിരന്തരം നിരീക്ഷണവും നടത്തി വരുന്നുണ്ട്. പുതുതലമുറയെ ലഹരി ഉപയോഗത്തിൽ നിന്നും പൂർണ്ണമായി മുക്തമാക്കുക എന്ന ലക്ഷ്യത്തോടെ ജില്ലയിലെ വിദ്യാലയങ്ങൾ കേന്ദ്രമാക്കി ബോധവൽക്കരണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തിയിട്ടുണ്ട്. ജില്ലയിലെ എല്ലാ സ്കൂളുകളിലും അദ്ധ്യാപകർ, രക്ഷിതാക്കൾ, വാർഡ് അംഗം, സ്കൂൾ കൗൺസിലർ, സ്കൂൾ പരിസരത്തെ കച്ചവടപ്രതിനിധികൾ, ഓട്ടോ-ടാക്സി ഡ്രൈവർമാരുടെ പ്രതിനിധികൾ, വനിതാ- ശിശുക്ഷേമം, ജുവനൈൽ ജസ്റ്റിസ്, സാമൂഹ്യനീതി, പോലീസ്, മോട്ടോർ വാഹനം, വിദ്യാഭ്യാസം തുടങ്ങിയ വകുപ്പുകളിലെ പ്രതിനിധികളെയും ചേർത്ത് ജാഗ്രതാസമിതി രൂപീകരിക്കുകയും, സ്കൂൾ പരിസരങ്ങളിൽ നിരീക്ഷണം നടത്തുകയും, അനധികൃതമായ പ്രവർത്തനങ്ങൾ കാണുന്ന പക്ഷം എക്സൈസ് വകുപ്പിന് വിവരങ്ങൾ കൈമാറുന്നതിനായി ബോധവൽക്കരണം നൽകുകയും ചെയ്തിട്ടുണ്ട്. ലഹരി വിരുദ്ധ ബോധവൽക്കരണത്തോടൊപ്പം യാതൊരു തരത്തിലുള്ള ലഹരി വസ്തുക്കളും സ്കൂളുകളിൽ എത്തുന്നില്ല എന്ന് ഉറപ്പ് വരുത്തുന്നതിനായും, ലഹരി കച്ചവടക്കാരുടെ സാമീപ്യം സ്കൂൾ പരിസരത്തു നിന്നും ഉന്മൂലനം ചെയ്യുന്നതിനായും വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് ശക്തമായ എൻഫോഴ്സ്മെൻറ് പ്രവർത്തനങ്ങളും നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ